ചെയ്യുന്നവരെ സഹായിക്കുന്നതിനു വേണ്ടിയല്ലേ സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ആവശ്യം?

ശ്രീ. എം. മുരളി : സർ, അത് അങ്ങ് എപ്പോഴും ഉന്നയിക്കുന്ന പല്ലവിയാണ്. ഇൻഡ്യയിൽ ഗുജറാത്ത് സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനമുണ്ട്.

IX മന്ത്രിയുടെ മറുപടി

ശ്രീ. കെ.പി. രാജേന്ദ്രൻ നോട്ടീസ് നൽകിയ 1999-ലെ തൃശൂർ കോൾ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം.

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രന്റെ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെക്കുറിച്ച് പറഞ്ഞുകഴിഞ്ഞു. അതിന്റെ മറുപടി മാത്രമാണ് അവശേഷിച്ചിട്ടുള്ളത്.

അതിനുവേണ്ടി 10 മിനിട്ട് കൃഷി വകുപ്പുമന്ത്രിക്ക് അനുവദിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ ഇന്ന് അദ്ദേഹത്തിന് അസൗകര്യമായതുകൊണ്ട് ശ്രീ. കെ.പി. രാജേന്ദ്രന്റെ വിശദീകരണത്തിനുള്ള മറുപടി അടുത്ത ദിവസത്തേക്ക് മാറ്റിവയ്ക്കണമെന്ന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ അജണ്ടയിലെ 5-ാമത്തെ ഐറ്റം എടുത്ത അവസരത്തിൽ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 32-ാമതു റിപ്പോർട്ട് പരിഗണിച്ച് അത് അംഗീകരിച്ചു. കമ്മിറ്റി കൂടി അംഗീകരിച്ച റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതനുസരിച്ച് ഈ പർട്ടിക്കുലർ ഇഷ്യൂവിന് സമയം മാറ്റി വച്ചിട്ടുണ്ട്. ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരംഗമാണ് മന്ത്രി. മെംബറുടെ അവതരണമോ ചർച്ചയോ അല്ല. വളരെ സ്പെസിഫിക്കായി മറുപടി പറയാനുള്ള ഒരു വിഷയമായതിനാൽ ബന്ധപ്പെട്ട മന്ത്രി ഇല്ലെങ്കിൽ പകരം വേറൊരു മന്ത്രി ഗവൺമെന്റിനുവേണ്ടി മറുപടി പറയണം. ഗവൺമെന്റാണ് അതിനു മറുപടി പറയേണ്ടത്. അതല്ലാതെ മറുപടി മാറ്റി വയ്ക്കുന്നത് ശരിയല്ല; മാറ്റി വയ്ക്കാൻ സാദ്ധ്യമല്ല. അല്ലെങ്കിൽ സഭ ഇപ്പോൾ വീണ്ടും പരിഗണിച്ച് മാറ്റി വയ്ക്കാനുള്ള തീരുമാനമെടുക്കണം.

മി. സ്പീക്കർ : ഇത് സാങ്കേതികമായിട്ട് എടുക്കേണ്ട. കൃഷി വകുപ്പു മന്ത്രി ഇന്നലെ ചെയറിന് ഒരു കത്ത് തന്നു. ഫെബ്രുവരി 25-ാം തീയതി അദ്ദേഹത്തിന് അടിയന്തിരമായ ഒരു ആവശ്യം ഉണ്ട്. ശ്രീ. കെ.പി. രാജേന്ദ്രൻ നോട്ടീസ് നൽകിയ 1994-ലെ തൃശൂർ കോൾ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ചർച്ചയ്ക്കു വരുന്നുണ്ട്. ആ ചർച്ചയിൽ എനിക്കു പകരം ബഹുമാനപ്പെട്ട ഭക്ഷ്യ വിനോദസഞ്ചാര നിയമവകുപ്പുമന്ത്രി ശ്രീ. ഈ ചന്ദ്രശേഖരൻനായർ പങ്കെടുക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് പൂർണ്ണമായി, വകുപ്പുമന്ത്രി പറയുന്ന മാതിരി, മറുപടി പറയാൻ ..... (ബഹളം)

അത്രയേ ഉദ്ദേശിച്ചുള്ളൂ. അത് സാങ്കേതികമായിട്ട് എടുക്കണ്ട, വേണമെങ്കിൽ മാറ്റിവയ്ക്കാം. അദ്ദേഹം മറുപടി പറയുന്നുവെങ്കിൽ പറയട്ടെ.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : മറുപടി പറയാം. തൃശ്ശൂർ കോൾ

LIBRARY ARCHIVES Kerala Legislative Assembly

വികസന ഏജൻസിയേയും മറ്റ് 11 നെൽകൃഷി വികസന ഏജൻസികളേയും വികസന ഏജൻസികളുടെ പരിധിയിൽപ്പെടാത്ത നെൽകൃഷി മേഖലകളേയും ഉൾപ്പെടുത്തി നെൽകൃഷി വികസനം ലക്ഷ്യമാക്കുന്നതാണ് പാഡിബോർഡ്. പാഡി ബോർഡ് ബിൽ സഭയുടെ ഈ സമ്മേളനത്തിൽ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഈ സാഹചര്യത്തിൽ തൃശ്ശൂർ കോൾ വികസന ഏജൻസി രൂപീകരിക്കുന്നതിനുവേണ്ടി മാത്രമായുള്ള ഒരു ബില്ലിന് പ്രസക്തിയില്ല. അതു കൊണ്ട് ബില്ലിന് അവതരണാനുമതി നൽകേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രൻ അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കപ്പെട്ടിരിക്കുന്നു.

X ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച

(1) ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ (കേരള അമെന്റ്മെന്റ്) ബിൽ 1996 *

(പ്രൊഫസർ മീനാക്ഷി തമ്പാൻ നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

പ്രൊഫ. മീനാക്ഷി തമ്പാൻ : സർ, ദി കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ (കേരള അമന്റ്മെന്റ്) ബിൽ 1996 ഞാൻ നേരത്തേ ഇവിടെ അവതരിപ്പിച്ച് കഴിഞ്ഞിരിക്കുകയാണ്. അതിന്റെ തുടർ ചർച്ചയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുകയാണ്. 1973-ൽ രൂപപ്പെടുത്തുകയും 1974-ൽ പ്രാബല്യത്തിൽ വരുകയും ചെയ്ത code of Criminal Procedure-ലെ Section -125 deserted ആയിട്ടുള്ളതും, നിസ്സഹായരും വിവാഹമുക്തകളുമായിട്ടുള്ള സ്ത്രീകൾക്ക് കൊടുക്കേണ്ട സംരക്ഷണത്തെക്കുറിച്ച് പറയുന്നതാണ്. ഈ വകുപ്പ് അനുസരിച്ച് ജീവനാംശമായി നൽകുന്നത് 500 രൂപയാണ്. It shall not exceed five hundred rupees എന്നാണ്. അന്ന് തീരുമാനിക്കപ്പെട്ടത്. അതിനുശേഷം ഒരു കാൽനൂറ്റാണ്ടുകാലം കടന്നുകഴിഞ്ഞിരിക്കുന്നു; രൂപയുടെ മൂല്യം വളരെ കുറഞ്ഞിരിക്കുന്നു; നിരവധി മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു. പക്ഷെ ഇപ്പോഴും ആ സെക്ഷനിൽ ഒരു മാറ്റവുമില്ലാതെ തുടരുകയാണ്. ഞാൻ 1996-ലാണ് സ്വകാര്യ ബിൽ കൊണ്ടുവന്നത്. Not exceeding five thousand rupees എന്നുള്ള ഒരു ഭേദഗതിയാണ് ഞാൻ കൊണ്ടുവന്നത്. നമ്മുടെ സാമൂഹ്യ പുരോഗതിക്കനുസരിച്ച് നിയമം മാറ്റേണ്ടതാണ് എന്ന തത്വം ക്രിമിനൽ നടപടിക്രമത്തിൽ 125-ാം വകുപ്പിന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല. അഭിഭാഷകരുടെ സമ്മേളനങ്ങളും സ്ത്രീ സംഘടനകളുടെ സമ്മേളനങ്ങളും ഈ വകുപ്പിന് ഭേദഗതി വരുത്തണമെന്ന് പലപ്പോഴും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന് നമ്മുടെ സംസ്ഥാനത്തെ കുടുംബ കോടതികളിലെ ന്യായാധിപന്മാർ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. സി.ആർ.പി.സി. 125-ാം വകുപ്പ് ഭേദഗതി ചെയ്യുമെന്ന് ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പു മന്ത്രിയും ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി. മാത്രമല്ല കേരള

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വനിതാ കമ്മിഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ പറയുന്നത് ഈ വകുപ്പിന് ഭേദഗതി കൊണ്ടുവരണമെന്നുള്ളതാണ്.

The maximum amount of maintenance is fixed at Rs. 500 as per Sections 125 & 127 of the Code of Criminal Procedure, 1973. this amount was fixed as per revision in 1955. Due to the fall in money value and the rise in income, salary etc. during the last four decades. the amount of Rs. 500 is liable to be revised. The present rate is really meagre and insufficient.

എന്നാണ് സംസ്ഥാന വനിതാ കമ്മിഷൻ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അത് മാത്രമല്ല ലാ കമ്മിഷന്റെ 132-ാം റിപ്പോർട്ടിൽ സെക്ഷൻ 125-നെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആ റിപ്പോർട്ടിന്റെ ടൈറ്റിൽ വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

Need for amendment of the provision of Chapter IX of the Code of Criminal Procedure 1973 in order to ameliorate the hardships and mitigate the distress of neglected wives, children and parents.

ഒരു സ്ഥലത്തുനിന്നല്ല, പല ഭാഗത്തുനിന്നും, ഈ സെക്ഷൻ ഭേദഗതി ചെയ്യണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ന്യായാധിപന്മാർതന്നെ ആവശ്യപ്പെട്ടിരിക്കുന്നു. വനിതാ കമ്മീഷൻ അത് ശക്തമായി റെക്കമെന്റ് ചെയ്തിരിക്കുന്നു. വിവാഹിതയും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, തക്ക കാരണങ്ങളാൽ സ്വമേധയാ വേറിട്ട് താമസിക്കുകയോ ചെയ്യുന്ന സ്ത്രീക്ക് പുരുഷനിൽനിന്നും സംരക്ഷണചെലവ് കിട്ടാനുള്ള അവകാശം സി.ആർ.പി.സി. സെക്ഷൻ 125 ഉറപ്പ് വരുത്തിയിട്ടുണ്ട്. ജീവനോപായത്തിന് മറ്റ് മാർഗ്ഗങ്ങളില്ലാതെ ഭർത്താവിനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന സ്ത്രീ അയാളാൽ ഉപേക്ഷിക്കപ്പെട്ട് തെരുവിലെറിയപ്പെട്ടാൽ പിന്നീട് അവൾ എത്തുന്നത് വേശ്യാലയങ്ങളിലോ അതുപോലുള്ള മറ്റ് സ്ഥലങ്ങളിലോ ആയിരിക്കും. അശരണരായി പട്ടിണി കിടക്കുകയും അലഞ്ഞുതിരിഞ്ഞ് നടക്കുകയും ചെയ്ത് അഗതികളും ഭിക്ഷക്കാരുമായി അവർ മാറിയാൽ സമൂഹത്തിന്റെ സുസ്ഥിതിക്കുതന്നെ അത് വലിയ ഭീഷണിയായിരിക്കും. അത് സംഭവിക്കരുത് എന്ന ഉദ്ദേശമാണ് ഈ നിയമത്തിന്റെ പിന്നിലുള്ളത്. അത്തരം സ്ത്രീകൾ അനുഭവിക്കുന്ന അപമാനം അളവില്ലാത്തതാണ്. ദുഃഖവും വേദനയും നിസ്സീമമാണ്, ജീവിതം ദുരിതപൂർണ്ണമാണ്. രാജ്യത്തെ വിവിധ മതവിഭാഗങ്ങളുടെ വ്യക്തിനിയമംകൊണ്ട് ഈ നിയമത്തെ മറികടക്കാനാവുമായിരുന്നില്ല. വലിയ വിവാദത്തിലേക്ക് ഞാൻ കടക്കുന്നില്ല. കാരണം ഈ നിയമം ജാതി മത ഭേദമന്യേ എല്ലാവർക്കും ബാധകമാണ്. ഭർത്താവിനാൽ അവഗണിക്കപ്പെടുന്ന ഭാര്യയ്ക്കും ഭർത്താവിൽനിന്നും ക്രൂരമായി പീഡനം അനുഭവിക്കുന്ന സ്ത്രീക്കും ഭർത്താവിനെ പിരിഞ്ഞു താമസിക്കുന്ന ഭാര്യയ്ക്കും ഈ നിയമമനുസരിച്ച് ചെലവിന് ലഭിക്കും. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതോ വിവാഹമോചനം കഴിഞ്ഞതോ ആയ ഭാര്യ വേറെ വിവാഹം കഴിച്ചിട്ടില്ലായെങ്കിൽ ഭർത്താവായിരുന്ന ആളിൽനിന്നും ചെലവിനു കിട്ടാൻ അർഹതയുണ്ടെന്ന് ഈ നിയമത്തിൽ പറയുന്നു. നിയമങ്ങളുടെ തണലിൽ സ്ത്രീകളെ പന്ത് തട്ടുന്നവർക്ക് ഈ നിയമം വലിയ ഭീഷണിയായിരുന്നു. ഈ നിയമത്തിന്റെ ലെജിസ്ലേച്ചർ ഇന്റന്റിനെക്കുറിച്ച് പറയുമ്പോൾ ഞാൻ ചീഫ്ജസ്റ്റീസ് ചന്ദ്രചൂഡ് ഇതിനെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. 1985-ൽ ഷബാനു കേസിൽ വിധി പറഞ്ഞിരുന്ന സമയത്ത് സെക്ഷൻ 125-നെക്കുറിച്ച് ഒരു വിശദീകരണം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Section 125 imposed on individual obligation towards society to maintain some of his close relations listed therein so as to prevent vagrancy and destitution. He also rightly said that it is a measure which enacts a uniform law applicable to all persons belonging to any community, caste or religion. It cuts across the barners of religion. It is also according to the learned Judge, a moral edict of law. Section 125 is meant to serve a social, economic and moral purpose.

അതല്ലാതെ 500 രൂപ കൊടുക്കുകയെന്നോ, അല്ലെങ്കിൽ കുറച്ചു പൈസ കൊടുക്കുക എന്നുള്ളതോ അല്ല. അതിന്റെ legislative intend അതാണ് It is also a projection of equality of sexes protective discrimination in favour of weaker sections of society namely neglected wives and discarded divorcees, abandoned children and hepless parents.

അതിന്റെ ഏറ്റവും പ്രധാനപ്പെട്ട വശം അതാണ്. അതിന്റെ ഉദ്ദേശ ലക്ഷ്യം മനസ്സിലാക്കിക്കൊണ്ട്, മാറി വന്നിട്ടുള്ള ഘടകങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം ഇക്കാര്യത്തിലുള്ള amendment ഉണ്ടാക്കേണ്ടത്. അതോടൊപ്പം ഇപ്പോൾ നമ്മൾ റിവൈസിംഗും റീ-ഫിക്സിംഗും മെയിന്റനൻസിന്റെ തുകയെക്കുറിച്ച് പറയുന്ന സമയത്ത് അതിനു സഹായിക്കുന്ന വിധത്തിലുള്ള നിരവധി plethora of decisions..... ഞാൻ സമയക്കുറവുകൊണ്ട് മുഴുവൻ വായിക്കാനാഗ്രഹിക്കുന്നില്ല. എന്നാലും

The concept of neglected wife being provided only with meagre amount for food, clothing and lodging as if she is only a chattel and has to depend on the sweet will and mercy of the husband, has now become completely outdated and absolutely archaic. ഇതുപറഞ്ഞത് Zeraj Mohammed Khan ആണ്. 1981-ലെ Criminal Law Journal 1430-ാം പേജിൽ പറഞ്ഞിരിക്കുന്ന വാചകങ്ങളാണ്. The word "maintenance" has been narrowly interpreted. It means the most reasonable requirement for the existence of a person to be separate. Reasonable amount of constant medical expenses can be included to the expenditure broadly on food, nourishment, clothing and residence. A husband in an affluent circumstances or when he become so later should pay maintenance in accordance with the status of the spouse.

അങ്ങനെയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതു മാത്രമല്ല നമ്മളറിയാതെ വരുന്ന അപകടങ്ങളുമുണ്ട്. അവർ ജീവിച്ചിരുന്ന കാലത്തെ പദവി, പിന്നീട് ഭർത്താവിനുണ്ടാകുന്ന സാമ്പത്തികമായ ഉയർച്ച ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം മെയിന്റനൻസിനുള്ള തുക നിശ്ചയിക്കേണ്ടതെന്ന് ലേൺഡ് ജഡ്ജസ് പറയുന്നുണ്ട്. Cost of medical attendance for invalid wife comes to the maintenance. ഇതൊക്കെ ആരെങ്കിലും നോക്കിയിട്ടുണ്ടോ? എത്ര വിശാലമായ രീതിയിലാണ് ന്യായാധിപന്മാർ പറഞ്ഞിട്ടുള്ളത്! The object being to prevent vagrancy and destitution. It has to be found out what is required by the wife to maintain standard of living which is neither luxurious nor delirious. But is modestly consistent with the status of the family, earnings of the husband and capacity to earn and these commitments are also relevant factors.

ഇത്തരത്തിലുള്ള ഘടകങ്ങളൊക്കെ നോക്കി വേണം മെയിന്റനൻസ് തുക നിശ്ചയിക്കുവാനെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എസ്. ജോൺ : തൊഴിലും സമ്പത്തുമുള്ള സ്ത്രീകൾ ആരോ ഗ്യമില്ലാത്ത അവസരത്തിൽ ഭർത്താക്കന്മാരേയും കുട്ടികളേയും ഉപേക്ഷി ക്കുന്ന സ്ഥിതി നാട്ടിൻപുറങ്ങളിൽ ഇപ്പോഴുമുണ്ട്. ഇതുപോലുള്ള സ്ത്രീക ളിൽനിന്ന് ഭർത്താക്കൻമാർക്ക് എന്തെങ്കിലും ആനുകൂല്യം കിട്ടത്തക്ക രീതി യിൽ നിയമം പരിഷ്കരിക്കുന്നതിനെക്കുറിച്ച് എന്താണ് മെമ്പറുടെ അഭി പ്രായം?

ശ്രീ. സ്പീക്കർ : ഈ ബില്ലിൽത്തന്നെ അത് പറയുന്നുണ്ടല്ലോ.

ശ്രീ. ടി.എസ്. ജോൺ : കോടതിയല്ല തീരുമാനിക്കുന്നത്?

Special protection to be given generally to ladies. ..... I have no objection.

എന്നാൽ ഇതുപോലുള്ള പ്രത്യേക സാഹചര്യം വരുമ്പോൾ കോടതിക്ക് വിധി പുറപ്പെടുവിക്കാനുള്ള അധികാരം കൊടുക്കണമെന്നേ പറഞ്ഞുള്ളൂ.

ശ്രീമതി. മീനാക്ഷി തമ്പാൻ : ഈ ബില്ലിന്റെ ചർച്ചയിൽ വളരെ ഗൗരവ മായിട്ടുള്ള കാര്യങ്ങൾ മാത്രമേ വരാൻ പാടുള്ളൂ. ഇത് വളരെ ഗൗരവമുള്ള താണ്. എന്റെ Statement of Objects and Reasons-ൽ രണ്ടാമത്തെ ഖണ്ഡിക ബഹു മാനപ്പെട്ട മെമ്പർ പറഞ്ഞതാണ്.

When the Code of Criminal Procedure was enacted in 1973, the social state of affairs is that 90% of the women were not having any income and men were having income. This situation has changed and the women are also, though to comparatively small extent, having independent source of income. In the present law there is no provision to provide maintenance by the wife to the husband who is unable to maintain himself. The amendment is sought to rectify this anomaly. മനസ്സിലായോ. പുരുഷന്മാർക്ക് അങ്ങനെ കൊടുക്കാനുള്ള പ്രൊവിഷൻ ഈ ബില്ലിൽ പറയുന്നു.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ടി.എസ്. ജോണിനെ എനിക്ക് വളരെ വർഷമായി അറിയാം. അദ്ദേഹം ഒരു സ്ത്രീ വിരോധിയാണ്. അതുകൊ ണ്ടാണ് ഈ ചോദ്യം ചോദിച്ചത്.

ശ്രീമതി. മീനാക്ഷി തമ്പാൻ : ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിൽ ഒരു കാര്യംകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. Since our contemporary society subscriber to the idea of equality of sexes, in some countries including India under the Hindu Marriage Act of 1955 the spousal obligation of maintenance has been made reciprocal - It is laid down that not only wife, but also the Husband can claim maintenance from the other spouse, in case the or she has no sufficient means to maintain herself or himself. അങ്ങയുടെ കാര്യം ഇതിൽ വരുന്നുണ്ട്.

ശ്രീ. പാലോട് രവി : സെക്ഷൻ 125ന്റെ അമെന്റ്മെന്റിന്റെ സ്പിരിറ്റി നൊട് യോജിക്കുന്ന ആളാണ് ഞാൻ. അതിന് ആധാരമായ ബാക്ക്ഗ്രൗണ്ട് ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ വിശദീകരിച്ചപ്പോൾ Ram Jath malani Common Civil Code-നെ സംബന്ധിച്ച് വ്യാപകമായ പ്രചരണം അഴിച്ചുവിട്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. Common Civil Code-നെ സംബന്ധിച്ച് ദേശവ്യാപകമായി അഴിച്ചു വിട്ടിരിക്കുന്ന പ്രചരണത്തിന്റെ ചില പ്രധാനഭാഗങ്ങൾകൂടി ഇതിൽ കടന്നുകൂടിയിട്ടുണ്ട്. We are for this amendment. ഈ കോമൺ സിവിൽ കോഡിനെ സംബന്ധിച്ച് Ram Jath Malani രാജ്യവ്യാപകമായി പ്രചരിപ്പിച്ചിരിക്കുന്നതിന്റെ തീംകുടി ഈ ചർച്ചയിൽ വരികയുണ്ടായി. ഇതിനെസംബന്ധിച്ച് ടീച്ചറിന്റെ അഭിപ്രായം എന്താണ്?

പ്രൊഫ. മീനാക്ഷി തംപാൻ : ഇത് സി.ആർ.പി.സി. അല്ലേ? ഇത് ക്രിമിനൽ പ്രൊസിഡ്യൂവറിനെ സംബന്ധിച്ചുള്ള ഭേദഗതി അല്ലേ? അതുകൊണ്ട് അതു പറയേണ്ട കാര്യമില്ല. It is an entirely different matter.ചെലവിനു കൊടുക്കുന്ന കാര്യത്തിൽക്കൂടി ചില വസ്തുതകൾ കോടതി കണക്കിലെടുക്കുന്നു. ചെലവിനു കൊടുക്കാനുള്ള ശേഷി വേണമെന്ന് പറയുംപോൾ വരുമാനമില്ല, അല്ലെങ്കിൽ സ്ഥിരമായ സാമ്പത്തിക സ്ഥിതിയില്ലായെന്നുള്ള ആർഗുമെന്റ് കോടതി അംഗീകരിക്കുന്നില്ല. പണിയെടുത്ത് ചെലവിനു കൊടുക്കാനുള്ള ആരോഗ്യശേഷിയുണ്ടോ? ഉണ്ടെങ്കിൽ അതാണ് ഏറ്റവും പ്രധാനമായിട്ടെടുക്കുന്നതെന്നുമാത്രമല്ല The burden of proof is on the husband to show that he has no sufficient means to provide maintenance. അത്ര വിശാലമായിട്ടുള്ള ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത് ചെലവിന് കൊടുക്കാൻ പറയുംപോൾ അവർ എന്റെകൂടെവന്ന് താമസിക്കട്ടെ. ഞാൻ നോക്കിക്കൊള്ളാമെന്നാണ്. അങ്ങനെയുള്ള നിലപാട് അംഗീകരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ട് ഭാര്യ വേറെ താമസിക്കുന്നുവെന്നത് കോടതി പരിശോധിക്കേണ്ടതാണ്. ഭർത്തൃമതിയായ സ്ത്രീ കാരണംകൂടാതെ മാറി താമസിച്ചാൽ ജീവനാംശം കിട്ടാൻ വഴിയില്ല. എന്നാൽ മറ്റ്തരത്തിലുള്ള കാര്യങ്ങൾ പ്രൂവ് ചെയ്താൽ അവർക്ക് ജീവനാംശം കിട്ടാനർഹതയുണ്ട്. വ്യക്തിനിയമത്തിന്റെ തലത്തിൽ ആദ്യഭാര്യ നിലനിൽക്കെ വേറെ വിവാഹം ചെയ്യുന്ന ഭർത്താവിൽനിന്നുവരെ ഈ നിയമപ്രകാരം ആദ്യഭാര്യയ്ക്ക് മെയിന്റനൻസ് കിട്ടാനുള്ള അർഹതയുണ്ട്. 1987-ലെ Saira Banu Vs K.A. Abdul Gaffer കേസ്, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. തികച്ചും സിവിൽ സ്വഭാവമുള്ളതും സിവിൽ കോടതി മുഖേന പരിഹാരം കാണേണ്ടതുമായ, ഭാര്യയ്ക്കും മക്കൾക്കും സംരക്ഷണം കൊടുക്കുന്നതു സംബന്ധിച്ച നിയമം എന്തുകൊണ്ട് ക്രിമിനൽ നടപടിക്രമത്തിൽ ഉൾപ്പെടുത്തിയെന്നുള്ളത് ആലോചിക്കണം. വലിയ ചെലവില്ലാതെ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരിഹാരം കാണുക, Speedy redressal and summary remedy എന്നുള്ളതാണ് ഇത് കൊണ്ടുവന്നപ്പോഴുണ്ടായിരുന്ന ഉദ്ദേശം. In no case the monthly rate of allowances can exceed the statutory limit of Rs.500/-. ഇങ്ങനെ സ്റ്റാറ്റ്യൂട്ടറി സീലിംഗ് വയ്ക്കുന്നത് ശരിയാണോ?

ശ്രീ. കെ. പ്രകാശ് ബാബു : മെയിന്റനൻസിന്റെ തുകകൊടുക്കാൻ തയ്യാറാകാത്ത പുരുഷന്മാർ ഡിഫാൾട്ടേഷൻ വരുത്തിയാൽ ഇപ്പോൾ ജയിലിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. അവരിൽനിന്ന് ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്കോ മക്കൾക്കോ ചെലവിനു കിട്ടുന്നതിന് യാതൊരു മാർഗ്ഗവുമില്ല. അവർ പൈസകൊടുക്കാൻ തയ്യാറായില്ലായെങ്കിൽ ജയിലിലേയ്ക്കു പോവുക എന്നതുമാത്രമേയുള്ളൂ. അതോടുകൂടി പ്രശ്നം തീരുന്നു. ഇവിടെ ആരും മെയിന്റനൻസ് കൊടുക്കുന്നില്ല. ഗവൺമെന്റിനും കൊടുക്കാനൊക്കുകയില്ല. വേറെ ആർക്കും കൊടുക്കാനൊക്കുകയില്ല. അങ്ങനെ വരുംപോൾ മനപൂർവ്വം ഡിഫോൾട്ടേഴ്സാകുന്നു. ജയിലിലേയ്ക്ക് പോകാൻ തയ്യാറായിട്ടുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ ഉപേക്ഷിക്കപ്പെട്ട ഭാര്യയ്ക്കും കുട്ടികൾക്കും മെയിന്റനൻസ് കൊടുക്കുന്നതിനുവേണ്ട സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒരു നിർദ്ദേശം കൊണ്ടുവരാൻ കഴിയുമോ?

പ്രൊഫ. മീനാക്ഷി തംപാൻ : ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഈ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുകയാണെങ്കിൽ, അമന്റ്മെന്റ് വരുകയാണെങ്കിൽ ഈ കാര്യങ്ങളൊക്കെ ആ സന്ദർഭത്തിൽ ആലോചിക്കാവുന്നതാണ്. ഇപ്പോൾ അതിനുള്ള പ്രൊവിഷനില്ല.

ശ്രീ. കെ. സുധാകരൻ : ഭാര്യ ഡൈവോഴ്സ് ആവശ്യപ്പെടുകയും ഭർത്താവ് അൺഎംപ്ലോയ്ഡും ഭാര്യ എംപ്ലോയിയും ആയാൽ.....

പ്രൊഫ. മീനാക്ഷി തംപാൻ : അതിനെക്കുറിച്ച് ഞാൻ പറഞ്ഞു. വളരെ ആലോചിച്ച് അതൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ എല്ലാപേരുടെയും കാര്യങ്ങൾ ഞാൻ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1974-നുശേഷം ധാരാളം മാറ്റങ്ങൾ ഉണ്ടായി. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എത്ര ശംപള പരിഷ്ക്കരണങ്ങൾ വന്നു! മറ്റു ചില hike hike വന്നു. അതേസമയം പണത്തിന്റെ മൂല്യവും കുറഞ്ഞു. വില വർദ്ധനവ് വന്നു. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ഒരു തീരുമാനം ഉണ്ടായിട്ടില്ല. ഇതിന്റെ പർപ്പസ്തന്നെ ഡീഫീറ്റ്ചെയ്യുവാൻ ആഗ്രഹിക്കുന്ന തരത്തിലാണ്. സാമൂഹ്യക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഇത്തരം നിയമങ്ങൾ കണിശമായും കാലബോധം പുലർത്തേണ്ടതല്ലേ എന്നാണ് ഈ സഭയിൽ എനിക്ക് ചോദിക്കുവാനുള്ളത്. തന്റേതല്ലാത്ത വീഴ്ചയ്ക്ക് ശിക്ഷിക്കപ്പെട്ട ഭാര്യ വിവാഹമോചനം ചെയ്താൽ ഒരു നേരം പകുതിവയർ ഭക്ഷണത്തിനുള്ള വക മതി നിനക്ക് എന്ന നിയമവും ലംഘിക്കുന്ന ഭർത്താവായ പുരുഷൻ തന്റെ വരുമാനത്തിന്റെ നാലിൽ ഒന്ന് പോലും ഭാര്യയ്ക്ക് കൊടുക്കേണ്ടിവരുന്നില്ല എന്നുവരുംപോൾ നിയമം അതിന്റെ ഉദ്ദിഷ്ട സാമൂഹ്യ ലക്ഷ്യം നിറവേറ്റുന്നുണ്ടോ എന്നുള്ളതാണ് ചോദ്യം. മാസം തോറും കൊടുക്കേണ്ട ജീവനാംശം തീരുമാനിക്കുംപോൾ ഭക്ഷണം, വസ്ത്രം, വീട്, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയ്ക്കുവേണ്ടിയുള്ള ചെലവുകൾ മാത്രം കണക്കാക്കിയാൽ പോരാ. അപകടങ്ങൾ, രോഗങ്ങൾ, ശാരീരികമായ വൈകല്യങ്ങൾ തുടങ്ങി ഭാവിയിൽ വരാവുന്ന എമർജൻസികൾകൂടി കണക്കാക്കണം എന്നാണ് ലാ കമ്മിഷൻ റിപ്പോർട്ട്ചെയ്തിട്ടുള്ളത്. ചെലവിനായി അപേക്ഷ ഫയൽ ചെയ്ത തീയതിമുതലുള്ള ജീവനാംശം കണക്കാക്കിക്കൊടുക്കേണ്ടതാണ്. ജീവനാംശം നിശ്ചയിക്കുംപോൾ ഭർത്താവിന്റെ പേഴ്സൽ ഇൻകം മാത്രം കണക്കാക്കിയാൽ പോരാ. മറ്റ് റിസോഴ്സസ്, സ്വത്ത്, കുടുംബത്തിലെ ഓഹരി എന്നിവകൂടി കണക്കാക്കണം. കേസിന്റെ വസ്തുതകൾ കണക്കിലെടുത്ത് ആറ് മാസത്തെ ജീവനാംശം ഒരുമിച്ച് അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്യുവാൻ മജിസ്ട്രേട്ടിന് ഉത്തരവിടുന്നതിനുവരെയുള്ള നീക്കങ്ങൾ ഉണ്ടാകാം. തൊഴിലുടമയോട്, ഈ തുക ഡിഡക്ട് ചെയ്ത് കോടതിയിൽ അടയ്ക്കുവാൻവരെ മജിസ്ട്രേട്ടിന് ഉത്തരവിടാവുന്ന മാറ്റങ്ങൾ ഉണ്ടാകും. Affluent circumstances പിന്നീട് സമ്പാദിച്ചാൽ അതിനൊക്കെ ആനുപാതികമായി കൊടുക്കുവാൻ ഇതിൽ വ്യവസ്ഥ ഉണ്ടാകണം. ഇൻവാലിഡ് വൈഫിന് ആവശ്യമായ വൈദ്യശുശ്രൂഷ തുടങ്ങിയവയെല്ലാം ഈ മെയിന്റനൻസ് എന്നതിൽ വരണമെന്ന് പറയുവാൻ എനിക്ക് ആഗ്രഹമുണ്ട്. കക്ഷികൾക്ക് ജീവനാംശം കൊടുക്കേണ്ട കാര്യത്തെക്കുറിച്ച് നിരവധി വിധികൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുക്കൊണ്ട് ജീവനാംശം നിശ്ചയിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുകൊണ്ട് ഞാൻ ആവ

LIBRARY ARCHIVES Kerala Legislative Assembly

ശ്യപ്പെട്ടിട്ടുള്ളത്, not exceeding five thousand rupees എന്നാണ്. അതോടൊപ്പം തന്നെ വനിതാ കമ്മീഷന്റെ റെക്കമെന്റേഷൻകൂടി വായിക്കുവാൻ ആഗ്രഹിക്കുകയാണ്. It is requested that the monitory limit may be refixed raising the amount to Rs. 1,500/- or atleast 1/3rd of the salary of the man whichever is higher. Necessary steps may be taken to amend the provisions in the act. The question introducisng stage amendment may be considered. എത്രയോ കാലങ്ങൾക്കുമുൻപ് ഇത് അമന്റ് ചെയ്യേണ്ടതായിരുന്നു. അതിനു യാതൊരു നീക്കവും ഇല്ലാത്ത സാഹചര്യത്തിലാണ് ഞാൻ ഇവിടെ ബിൽ അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതിയോട് യോജിക്കുമെന്നും അതിനു സഹായകമായ നിയമഭേദഗതി കൊണ്ടുവരുമെന്നും പ്രതീക്ഷിച്ചുക്കൊണ്ട് അവസാനിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മെമ്പർ നോട്ടീസ് നൽകിയ ഈ ബില്ലിൽ പ്രധാനമായിട്ടും ഉന്നയിച്ചിരിക്കുന്ന കാര്യം മെയിന്റനൻസിന്റെ ലിമിറ്റേഷനെക്കുറിച്ചാണ്. 500 രൂപ എന്നുള്ള ലിമിറ്റേഷനാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആർഗ്യുമെന്റസിനോടൊന്നും എനിക്ക് വിയോജിപ്പില്ല. അതെല്ലാം ശരിയാണ്. മൂന്നാല് സംവത്സരങ്ങൾക്ക് മുൻപ് ഫിക്സ് ചെയ്ത എമൗണ്ടാണ്. അത് കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഭർത്താക്കൻമാർക്ക് മെയിന്റനൻസ് കൊടുക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. ഇൻഡ്യൻ സൊസൈറ്റിയിൽ ഭർത്താക്കൻമാർക്ക് മെയിന്റനൻസ് കൊടുക്കേണ്ട രീതിയിലുള്ള നിയമനിർമ്മാണം ഉണ്ടാക്കേണ്ട സ്റ്റേജിൽ നമ്മൾ എത്തിയിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. ഇത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്. രാഷ്ട്രീയമായി ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. ഏതായാലും സ്ത്രീകൾക്ക് മെയിന്റനൻസ് കൊടുക്കണമെന്നും അത് അഡ്വക്കേറ്റായിരിക്കണമെന്നും കോസ്റ്റ് ഓഫ് ലിവിംഗ് ഇന്റക്സ് പരിഗണിച്ചിട്ടായിരിക്കണമെന്നും അതിന് ലൂപ്ഹോൾസ് ഇല്ലാതെ കൊടുക്കണമെന്നും മറ്റും കോടതികൾ വളരെ അനുകൂലമായി പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് അതിനെക്കുറിച്ച് വേറൊരു അഭിപ്രായവുമില്ല.

ശ്രീ. കെ. പ്രകാശ് ബാബു : നമ്മുടെ നാട്ടിൻപുറങ്ങളിലെല്ലാം രജിസ്റ്റർഡ് മാരേജ് എന്ന നിലയിൽ രജിസ്റ്റർ കച്ചേരിയിൽപ്പോയി വിവാഹംചെയ്യുന്ന നിരവധി കേസുകളുണ്ട്. കരാർ ഒപ്പിട്ട് രജിസ്റ്റർ കച്ചേരിയിൽ വിവാഹം രജിസ്റ്റർ ചെയ്യുന്ന ഭാര്യയ്ക്ക് ഒരു എഗ്രിമെന്റ് സ്റ്റാറ്റസ് മാത്രമേയുള്ളൂ. നിയമപ്രകാരം അവർക്ക് മെയിന്റനൻസ് കിട്ടുവാൻ യാതൊരു മാർഗ്ഗവുമില്ല. ഡൈവോഴ്സ്ഡ് വൈഫാണെങ്കിൽ കിട്ടും. നിയമപ്രകാരമുള്ള വൈഫിന് കിട്ടും. രജിസ്റ്റർ മാരേജിൽ വരുന്ന ഭാര്യയ്ക്ക് കിട്ടുകയില്ല. അവർക്ക് കിട്ടിയില്ലെങ്കിലും അവരുടെ കുട്ടികൾക്ക് കിട്ടും. ആ കുട്ടികൾക്ക് സിവിൽ റൈറ്റ്സ് ഉണ്ട്. സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരമുള്ളതിന് കിട്ടും. രജിസ്റ്റർ കച്ചേരിയിൽ കരാർ എഴുതി വിവാഹം നടത്തുന്നവർക്ക് ഡൈവോഴ്സ് ചെയ്താൽ കിട്ടുകയില്ല. കുറഞ്ഞപക്ഷം ഇത്രവർഷം ഒരുമിച്ച് താമസിച്ചു എന്നുള്ള നിലയ്ക്ക് സാമൂഹ്യ ആചാരപ്രകാരമുള്ള വിവാഹം നടന്നില്ലെങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും കൊടുക്കുവാൻ കഴിയുമെങ്കിൽ അതൊരു വലിയ സഹായമാണ്. നാട്ടിൻപുറങ്ങളിൽ ഇങ്ങനെ നിരവധി കേസുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെയുള്ള ലൂപ്ഹോൾസ് ഉണ്ടോയെന്ന് പരിശോധിക്കാം. എനിക്ക് തോന്നുന്നത് ഏതു തരത്തിലായാലും, if there is any evidence of marriage മെയിന്റനൻസ് കൊടുക്കണമെന്നതാണ്. ഞാൻ കുറേ ഔട്ട് ഓഫ് ടച്ച് ആയതുകൊണ്ട് ഓർക്കുന്നില്ല. അങ്ങനെ എന്തെങ്കിലും ലൂപ്ഹോൾസ് ഉണ്ടെങ്കിൽ അത് പരിശോധിക്കാം.

മി. സ്പീക്കർ : അത് ശരിയാണ്. ഇപ്പോൾ ചെയ്യുന്നത് രജിസ്ട്രേഷൻ മാത്രമല്ല. അല്ലാതുള്ളതും ചെയ്യുന്നുണ്ട്. ഭേദഗതികൊണ്ട് അവ കവർ ചെയ്യാം.

ശ്രീ. എൻ. അനിരുദ്ധൻ : ഇപ്പോഴത്തെ നിയമം അനുസരിച്ചാണെങ്കിൽ കോടതി വിധി അനുസരിച്ചാണെങ്കിലും ഭാര്യാഭർത്താക്കൻമാരായി ഒരുമിച്ച് താമസിച്ചിരുന്നുവെന്ന് പ്രൂവ് ചെയ്തുകഴിഞ്ഞാൽ ഡോക്യുമെന്ററി എവിഡൻസ് ഇല്ലെങ്കിലും അവർക്ക് മെയിന്റനൻസ് കിട്ടും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ പറയുന്നത് ഹസ്ബെന്റ്-വൈഫ് റിലേഷൻഷിപ് ഉണ്ടെന്നുണ്ടെങ്കിൽ മെയിന്റനൻസ് കൊടുക്കണം എന്നതാണ്. അദ്ദേഹം അത് ഉന്നയിച്ച സ്ഥിതിക്ക് ആ ആസ്പെക്ട്കൂടെ നമുക്ക് ആലോചിക്കാവുന്നതാണ്. ബേസിക് കസ്റ്റ്യന്റെ കാര്യത്തിൽ ഗവൺമെന്റിന് പൂർണ്ണ യോജിപ്പാണ്. അത് 5000 ആകണമോ, അതോ ഓരോ ദിവസവും ചെയ്ഞ്ച് ചെയ്യാതെ കോടതികളുടെ discretion -ന് taking into consideration of the quantum that is affordable by the husband - അത് എല്ലാംകൂടെ എടുത്തിട്ട് കോടതികളുടെ descretion -ന് വിടുന്നതാണോ നല്ലത്? ലിമിറ്റേഷന്റെ പ്രസക്തി വാസ്തവത്തിൽ എനിക്ക് മനസ്സിലാകുന്നില്ല. ഏതായാലും എന്തുവേണമെന്ന് ആലോചിച്ചിട്ട് ഗവൺമെന്റ് തന്നെ ഇതു സംബന്ധിച്ച് ഒരു ബിൽ എത്രയും വേഗത്തിൽ കൊണ്ടുവരാൻ പരിശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ടുതന്നെ കുറേക്കൂടി ഭംഗിയായി അമന്റ്മെന്റ് കൊണ്ടുവരാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ ഇത്രയേറെ അദ്ധ്വാനിച്ചുകൊണ്ടുവന്ന ഈ ബില്ലിലുള്ളത് വളരെ നല്ല കാര്യങ്ങളാണ്. ഞങ്ങൾക്ക് ആർക്കും അതിനോട് എതിർപ്പില്ല. ഒന്നുകിൽ ആ ബിൽ പാസ്സാക്കുവാൻ കഴിയുമോയെന്ന് നോക്കുക. അല്ലെങ്കിൽ, ഇന്ന സമയത്തിനുള്ളിൽ ബിൽ കൊണ്ടുവന്ന് ഞങ്ങൾ പാസ്സാക്കുമെന്ന് പറയുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വളരെ വേഗത്തിൽ കൊണ്ടുവരാമെന്ന് പറയുവാനേ കഴിയൂ. അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. നമ്മൾ കൊണ്ടുവന്ന ബില്ലുകൾ തന്നെ ടൈം ഷെഡ്യൂൾ ഒപ്പിച്ചുകൊണ്ടുവരാൻ .....

മി. സ്പീക്കർ : സാധാരണ നിലയിലുള്ള ബുദ്ധിമുട്ടാണ് അങ്ങ് പറയുന്നത്. ഇതൊരു പ്രത്യേക കേസ്സായി എടുത്ത്, ഇതിന്റെ കണ്ടിന്യൂവേഷനായിട്ട് നമുക്ക് ഇത് പാസ്സാക്കി എടുത്തുകൂടേ? As early as possible, Bill കൊണ്ടുരണം. വേണമെങ്കിൽ ഇതുതന്നെ അഡോപ്റ്റുചെയ്യാം. മാറ്റങ്ങൾ വരുത്തണമെങ്കിൽ വരുത്താം. സാധാരണ സ്വകാര്യബില്ലുകൾ അപ്പടി സ്വീകരിക്കുന്ന ഒരു സമീപനം നമ്മുടെ സഭകൾക്കില്ല, പക്ഷേ സ്വീകരിച്ചു കൂടായ്കയില്ല. സ്വീകരിക്കുന്നതു കൊണ്ട് അപാകതയൊന്നുമില്ല. പാർലമെന്റിൽ വർഷങ്ങൾക്ക് മുൻപ് ഫിറോസ് ഗാന്ധി അവതരിപ്പിച്ച ഒരു സ്വകാര്യ ബിൽ സർക്കാർ ഔദ്യോഗിക ബില്ലായി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ് : അങ്ങനെയാണെങ്കിൽ അങ്ങ് പറഞ്ഞതുപോലെകൊണ്ടുവരാൻ ഗവൺമെന്റിൽ താമസം നേരിടും. ഇതുതന്നെ 1996-ലെ ബില്ലാണ്; നാലുകൊല്ലം കഴിഞ്ഞു. ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട ടീച്ചറുടെ ഭേദഗതി പൂർണ്ണമായി അംഗീകരിക്കുവാൻ കഴിയുകയില്ല.

ശ്രീ. കെ.സി. ജോസഫ് : ആ ഭാഗം നമുക്ക് കട്ട് ചെയ്യാം. ബഹുമാനപ്പെട്ട ടീച്ചർ ആവശ്യപ്പെട്ടത് അവതരണാനുമതിയാണ്. ഇനി ധാരാളം സമയം ഉണ്ട്. അതുകൊണ്ട് നമുക്ക് ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കി അനുമതി കൊടുത്താൽ അത് നല്ലതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എല്ലാവരുടേയും വികാരത്തോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. എല്ലാ ഭാഗത്തുനിന്നും പറഞ്ഞതിന്റെ അർത്ഥം വളരെ വേഗതയിൽ ഇത് പാസ്സാക്കണമെന്നുള്ളതാണ്. വളരെ വേഗതയിൽതന്നെ ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. അതുകൊണ്ട് ഇതിന് എന്തെങ്കിലും ഭേദഗതി വേണോ എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ നോക്കുക. ഗവൺമെന്റ് ഒരു ബിൽ അപ്രൂവ് ചെയ്യുമ്പോൾ, അവതരിപ്പിക്കുമ്പോൾ ലാ ഡിപ്പാർട്ട്മെന്റ് അത് നോക്കുകയും അതിന്റെ നടപടികൾ പൂർത്തിയാക്കുകയും ചെയ്യണമെന്നുള്ളതുകൊണ്ട് അതിനുള്ള കാലതാമസം മാത്രമേ വരികയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ആത്മാർത്ഥമായി ഇത്തരം ഒരു ബിൽ തയ്യാറാക്കാൻ കഴിയുമെങ്കിൽ ഈ സെഷനിൽ തന്നെ കൊണ്ടുവരണം. അതിനുള്ള സമയം കണ്ടുപിടിക്കാൻ ബുദ്ധിമുട്ടില്ല. ഈ സെഷനിൽതന്നെ സർക്കാരിന്റെ തീരുമാനത്തോടുകൂടി ഇതു പാസ്സാക്കിയെടുക്കാൻ കഴിയുമെങ്കിൽ അത് ഏറ്റവും നല്ലൊരു മാതൃകയായിരിക്കും. നിയമസഭയ്ക്കുതന്നെ എക്കാലവും ഉയർത്തിക്കാണിക്കാൻകഴിയുന്ന ഏറ്റവും നല്ല ഏക്സാംപിളായി ഇത് മാറുമെന്നാണ് പറയാനുള്ളത്. ഇത്തരത്തിൽ ഒരു ബില്ല് ഗവൺമെന്റ് കൊണ്ടുവന്നാൽ സ്വകാര്യ ബില്ലുകൾക്ക് ഒരർത്ഥമുണ്ടാകും.

പ്രൊഫ. മീനാക്ഷി തമ്പാൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. മീനാക്ഷി തമ്പാൻ : കഴിയുന്നതും വേഗം ഗവൺമെന്റ് ഇത്തരം ഒരു ബിൽ സഭയിൽ കൊണ്ടുവരുമെന്ന മന്ത്രിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ എന്റെ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രൊഫ. മീനാക്ഷി തമ്പാൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

തുടർ നടപടികൾ മുന്നോട്ടുപോകുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് സഭയിൽ നിലനിൽക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രത്യേക നന്ദി. ടീച്ചർക്കും നന്ദി.

(2) 1998-ലെ കേരള പുരാണ പാരായണ ശാസ്ത്രീയ ലഭിത കലാകാര ക്ഷേമനിധി ബിൽ

(ശ്രീ. ടി.എം. ജേക്കബ് നോട്ടീസ് നൽകിയത്) (ചർച്ച തുടർച്ച)

LIBRARY ARCHIVES Kerala Legislative Assembly